നം. സി2/20732/2018

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ - 0471 - 2445749, 2445799
ഇമെയിൽ uddtvm@gmail.com
തിയതി: 30, നവംബർ, 2018

36

**സർക്കുലർ നം. 46/2018**

വിഷയം - ക്ഷീര വികസന വകുപ്പ് - വാർഷിക പദ്ധതി 2018 -19 - സമഗ്ര ഇൻഷുറൻസ് പദ്ധതി (ക്ഷീരസാന്ത്വനം) - ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിന് കർഷകന് അഡ്വാൻസ് നൽകുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന - 1. ഈ ഓഫീസിൽ നിന്നുള്ള 22.11.18 ലെ 45/2018 നമ്പർ സർക്കുലർ

സൂചന - 2. ഈ ഓഫീസിൽ നിന്നുള്ള 24.11.18 ലെ ഡി3/16561/2017 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

ക്ഷീര വികസന വകുപ്പിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സമഗ്ര ഇൻഷുറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗമാകുന്ന ക്ഷീരകർഷകർ അടയ്ക്കേണ്ടി വരുന്ന പ്രീമിയം തുകയുടെ ഒരു വിഹിതം സബ്സിഡി ആയി നൽകുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്ക് സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു.

കൂടാതെ മേൽപ്പറഞ്ഞ ധനസഹായം കഴിച്ച് ആവശ്യമായി വരുന്ന ബാക്കി തുക അതാത് സംഘങ്ങൾ കർഷകന് അഡ്വാൻസ് ചെയ്യുന്നതിനും തവണകളായി തിരിച്ചടയ്ക്കുന്നതിനും ഡപ്യൂട്ടി ഡയറക്ടർമാർ അനുമതി നൽകണമെന്ന് സൂചന (2) പ്രകാരം നിർദേശിച്ചിരുന്നു.

ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് വേണ്ടി ഇപ്രകാരം ഇൻഷുറൻസ് പ്രീമിയം തുക അഡ്വാൻസ് ചെയ്യുന്നതിന് തയ്യാറാണെന്നും, അപ്രകാരം ചെയ്യുന്നതിന് അനുമതി നൽകണമെന്നും ഡപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ, സംഘത്തിലെ സാമ്പത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി, അതത് സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് ക്ഷീരസാന്ത്വനം പദ്ധതി പ്രീമിയം തുക

പൂർണ്ണമായോ, ഭാഗികമായോ അഡ്വാൻസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇപ്രകാരം അഡ്വാൻസ് ചെയ്യുന്ന തുക കർഷകർ ഭരണ സമിതി തീരുമാനിക്കുന്ന പ്രകാരമുള്ള തവണകളായി തിരികെ അടയ്ക്കേണ്ടതാണ്. ഇപ്രകാരം അഡ്വാൻസ് ചെയ്യുന്ന തുക പൂർണ്ണമായും തിരികെ അടയ്ക്കുന്നുണ്ടെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

ഡയറക്ടർ

1. എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും (ഡപ്യൂട്ടി ഡയറക്ടർമാർ മുഖേന)
2. ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പൽ (തിരുവനന്തപുരം, ഓച്ചിറ, കോട്ടയം, ആലത്തൂർ, കോഴിക്കോട്), സൂപ്രണ്ട്, കേരള ഫോഡർ ഫാം, വലിയതുറ
3. എല്ലാ ഗുണനിയന്ത്രണ ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എല്ലാ ക്ഷീര വികസന ഓഫീസർ/ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും(ഡപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. ചെയർമാൻ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ (റ്റി.ആർ.സി.എം.പി.യു., ഇ.ആർ.സി.എം.പി.യു., എം.ആർ.സി.എം.പി.യു.)
8. ഡപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ, കൺകറന്റ് ഓഡിറ്റ് (കെ.സി.എം.എം.എഫ്., റ്റി.ആർ.സി.എം.പി.യു., ഇ.ആർ.സി.എം.പി.യു., എം.ആർ.സി.എം.പി.യു.)
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും